THE CONTRARIAN CONSULTANT

ടിനി ഫിലിപ്പ്

ഇന്ത്യയിലും ജിസിസി രാഷ്ട്രങ്ങളിലുമായി നിരവധി സംരംഭങ്ങളുടെ ബിസിനസ് അഡൈ്വസറായ ടിനി ഫിലിപ്പിന് സ്ഥിരതയും സ്വയം പര്യാപ്തതയുമുള്ള ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിൽ 22 വർഷത്തെ പരിചയ സമ്പത്തുണ്ട്. ഇന്ത്യൻ ബിസിനസ് അഡൈ്വസർ ആയി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്, കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. ഇ-മെയ്ൽ: tinyphilip@gmail.com

ചെറിയ മാറ്റം, വലിയ ഫലം

സെറ്റുകളായി ചെരുപ്പു വിതരണം ചെയ്യുന്നതിൽ നിന്നു വ്യത്യസ്തമായി സിംഗിൾ പെയർ മാതൃകയിൽ കടകളിൽ ചെരുപ്പെത്തിച്ച് വിജയം നേടിയ സ്ഥാപനത്തിന്റെ കഥ - കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച

സെറ്റ് മാതൃകയിൽ ചെരുപ്പ് വിതരണം ചെയ്യുമ്പോൾ ഷോപ്പുകളിലുണ്ടാകുന്ന ബുദ്ധിമുട്ടാണ് കഴിഞ്ഞ ലക്കത്തിൽ നമ്മൾ വിലയിരുത്തിയത്. ഇനി, പുതിയ സിംഗിൾ പെയർ ഓഫർ അടിസ്ഥാനമാക്കി പരിശോധിക്കാം.

ടേബിൾ 3-ലേതു പോലെ ആദ്യം ഡിസ്ട്രിബ്യൂട്ടർ എത്തിക്കുന്നത് ഇങ്ങനെ സ്ലോ -10, മീഡിയം -10, ഫാസ്റ്റ് 10. ഒന്നാമത്തെ ആഴ്ചയിലെ വിൽപ്പന സ്ലോ -1, മീഡിയം 4, ഫാസ്റ്റ് 10. ബാക്കിയുള്ള സ്റ്റോക്ക്: സ്ലോ -9, മീഡിയം -6, ഫാസ്റ്റ് -0. ഫാസ്റ്റ് മൂവിംഗ് കാറ്റഗറിയിൽ സ്റ്റോക്ക് ഇല്ലാത്തതുകൊണ്ട് ഡിസ്ട്രിബ്യൂട്ടർ എത്തുമ്പോൾ കടയുടമ ആവശ്യപ്പെടുന്നത് അതു മാത്രമാണ്. പുതിയ ഓഫർ പ്രകാരം 10 ജോഡി ഫാസ്റ്റ് മൂവിംഗ് ചെരുപ്പുകൾ കടയിൽ ലഭ്യമാകുന്നു. ആകെയുള്ളത് സ്ലോ -9, മീഡിയം -6, ഫാസ്റ്റ് -10.

രണ്ടാമത്തെ ആഴ്ചയിലെ വിൽപ്പനയും വ്യത്യസ്തമാകുന്നില്ല. സ്ലോ മൂവിംഗ് ഒരു ജോഡിയും മീഡിയം നാലും ഫാസ്റ്റ് പത്തും. ആകെ വിൽപ്പന 15 ജോഡി. ആഴ്ചയുടെ അവസാനം സ്റ്റോക്ക് എടുക്കുമ്പോൾ കടയിലുള്ളത് 8 ജോഡി സ്ലോ മൂവിംഗ് ചെരുപ്പുകളും രണ്ട് ജോഡി മീഡിയവും. ഇത്തവണ ഡിസ്ട്രിബ്യൂട്ടർ എത്തുമ്പോൾ ഫാസ്റ്റ് മൂവിംഗിനൊപ്പം മീഡിയവും ഓർഡർ ചെയ്യാൻ റീട്ടെയ്‌ലർ തീരുമാനിക്കുന്നു. കാരണം മീഡിയം 4 ജോഡി ഒരാഴ്ച വിൽക്കും. സ്റ്റോക്കുള്ളത് രണ്ട് ജോഡി മാത്രം. പുതിയ ഓഫറിൽ ഡിസ്ട്രിബ്യൂട്ടർ രണ്ട് ജോഡി മീഡിയം മൂവിംഗ് ചെരുപ്പുകളും 10 ജോഡി ഫാസ്റ്റ് മൂവിംഗ് ചെരുപ്പുകളും നൽകുന്നു. സ്റ്റോക്ക് ആകെയുള്ളത് 22, സ്ലോ -8, മീഡിയം -4, ഫാസ്റ്റ് -10.

Table 4 – Shop Sales/Stock Pattern – Single Pair System

Week	Item	Size Slow	Size Medium	Size Fast	Total
Week 1	Stock	0+10=10	0+10=10	0+10=10	0+30=30
	Sales	1	4	10	15
Week 2	Stock	9	6	0+10=10	15+10=25
	Sales	1	4	10	15
Week 3	Stock	8	2+2=4	0+10=10	10+12=22
	Sales	1	4	10	15
Week 4	Stock	7	0+4=4	0+10=10	7+14=21
	Sales	1	4	10	15
End Period	Stock	6	0	0	6
Total Period	Sales	4	16	40	60

സ്റ്റോക്ക് ധാരാളമുള്ളതുകൊണ്ട് വിൽപ്പനയും കാര്യമായി നടക്കുന്നു. 15 ജോഡി വിറ്റഴിക്കാൻ റീട്ടെയ്‌ലർക്ക് കഴിയുന്നു. ഇനി സ്റ്റോക്കിൽ സ്ലോ മൂവിംഗ് 7 ജോഡിയുണ്ടെങ്കിലും മീഡിയവും ഫാസ്റ്റും ഒന്നുമില്ല. ഇത്തവണ ഓർഡർ ഇങ്ങനെ; മീഡിയം -4, ഫാസ്റ്റ് -10. അതുകൊണ്ട് അവസാനത്തെ ആഴ്ചയിലെ വിൽപ്പനയും 15 ജോഡി ചെരുപ്പുകൾ തന്നെ. ബാക്കിയുള്ളത് ആറ് ജോഡി ചെരുപ്പുകൾ മാത്രം - എല്ലാം സ്ലോ മൂവിംഗ്.

ഈ മാസം ആകെ നടന്ന വിൽപ്പന 60 ജോഡി ചെരുപ്പുകളാണ്. സ്ലോ -4, മീഡിയം 16, ഫാസ്റ്റ് -40. ഡിമാന്റിന് അനുസൃതമായ സെയ്ൽസ് നടന്നു. ഡെഡ് സ്റ്റോക്കും കുറഞ്ഞു.

ഇനി നമുക്ക് ഈ രണ്ട് രീതിയിലും നടന്ന വിൽപ്പന വഴി റീട്ടെയ്‌ലർക്ക് ലഭിച്ച ലാഭത്തെ താരതമ്യം ചെയ്യാം.

ലാഭം കണക്കുകൂട്ടാൻ വളരെ ലളിതമായ ചില അനുമാനങ്ങളാണ് ഞാൻ സ്വീകരിക്കുന്നത്. ഒരു ജോഡി ചെരുപ്പിന്റെ വില 100 രൂപ എന്നു കരുതുക. ആദ്യത്തെ രീതിയിൽ വിൽപ്പന 4000 രൂപയുടേതും. രണ്ടാമത്തേതിൽ 6000 രൂപയുടേതും നടന്നു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഗ്രോസ് പ്രോഫിറ്റ് 30 ശതമാനമാണെങ്കിൽ സെറ്റ് രീതിയിൽ 1200 രൂപയും സിംഗിൾ പെയർ രീതിയിൽ 1800 രൂപയുമാകും.

ഇനി നഷ്ടത്തിന്റെ കണക്കെടുക്കാം. ഡെഡ് സ്റ്റോക്ക് 50 ശതമാനം ഡിസ്കൗണ്ട് നൽകി വിൽക്കുന്നുവെന്ന് കരുതുക. അപ്പോൾ 100 രൂപ വിലയുള്ള ചെരുപ്പ് 50 രൂപയ്ക്ക് വിൽപ്പന നടത്താം. ചെരുപ്പിന്റെ യഥാർത്ഥ ഉൽപ്പാദന ചെലവ് 70 രൂപയാണെന്നിരിക്കെ ഒരു ജോഡി ചെരുപ്പിൽ വരുന്ന നഷ്ടം 20 രൂപ മാത്രമാണ്. അങ്ങനെ ഡെഡ് സ്റ്റോക്കിന്റെ വിൽപ്പനയിൽ സെറ്റ് രീതിയിൽ നഷ്ടം 400 രൂപയും സിംഗിൾ പെയർ രീതിയിൽ 120 രൂപയുമാകും. അതായത് ഫൈനൽ ഗ്രോസ് പ്രോഫിറ്റ് യഥാക്രമം 800 രൂപയും 1680 രൂപയുമാണ്.

കടയുടെ വാടക, ജീവനക്കാരുടെ ശമ്പളം എന്നിവയുൾപ്പെടുന്ന ചെലവ് 600 രൂപ എന്ന് അനുമാനിച്ചാൽ ലാഭം യഥാക്രമം 200 രൂപയും (സെയ്ൽസിന്റെ 5 ശതമാനം) 1080 രൂപയും (18 ശതമാനം) ആകുമെന്ന് കാണാം.

അഞ്ചു മടങ്ങ് ലാഭം

അതായത് സാധാരണ ഓഫറിനേക്കാൾ അഞ്ച് മടങ്ങ് ലാഭമാണ് പുതിയ ഓഫർ നൽകുന്നത്. ഇത് അധിക വ്യത്യാസമാണ്. ഒരു റീട്ടെയ്‌ലർ ഇത് മനസിലാക്കിയാൽ അവർ സിംഗിൾ പെയർ ഓഫർ നൽകുന്ന ഒരു സപ്ലയറുടെ സേവനം മാത്രമേ ആവശ്യപ്പെടുകയുള്ളൂ. സെറ്റ് രീതി പിന്തുടരുന്ന നമ്മുടെ എതിരാളികളെക്കാൾ മുന്നിലെത്താൻ ഇത് സഹായിക്കും.

ഉപഭോക്താവിനും ഏറെ ഗുണകരമായ ഒരു രീതിയാണിത്. സമയമോ പണമോ ഒന്നും കൂടുതൽ മുടക്കേണ്ടതുമില്ല.

ഇതിന്റെ ഫലം എന്താണ്? ഏഴ് വർഷം മുമ്പ് ഈ രീതി സ്വീകരിച്ച ചെരുപ്പ് നിർമാതാക്കൾ റെഡി കാഷ് ആയി ഉൽപ്പന്നങ്ങൾ വാങ്ങാൻ റീട്ടെയ്ൽ ഷോപ്പുകളെ പ്രേരിപ്പിച്ചു. ചെരുപ്പ് നിർമാണ രംഗത്ത് ആദ്യമായിട്ടായിരുന്നു ഇത്തരം സംരംഭം. ഇതിന്റെ വിജയം അമ്പരപ്പിക്കുന്നതായിരുന്നു. കാരണം, ഈ രംഗത്തെ ലീഡറല്ല ഇവർ. ഉടനടി പണം നൽകി ഇവരുടെ ഉൽപ്പന്നങ്ങൾ റീട്ടെയ്‌ലർമാർ എന്തുകൊണ്ട് വാങ്ങി? അതും ക്രെഡിറ്റിൽ നൽകാൻ മറ്റ് കമ്പനികൾ തയാറുള്ളപ്പോൾ? സിംഗിൾ പെയർ എന്ന വ്യത്യസ്ത ആശയമാണ് ഇതിനു കാരണം എന്നു ഞാൻ വിശ്വസിക്കുന്നു.

മറ്റൊരു വസ്തുത - ഏഴ് വർഷം കഴിഞ്ഞും ഈ രീതി ആരും വിപണിയിൽ അനുകരിച്ചിട്ടുമില്ല.

വമ്പൻ മുതൽമുടക്കൊന്നും കൂടാതെ ഉപഭോക്താവിന് ഉൽപ്പന്നത്തിലുള്ള വിശ്വാസവും പതിന്മടങ്ങ് വർധിക്കും. ക്രെഡിറ്റിൽ അധിഷ്ഠിതമായ ഒരു വിപണിയിൽ റെഡി കാഷ് ആയി ഉൽപ്പന്നങ്ങൾ വാങ്ങാൻ ആളുകളുണ്ട് എന്നത് തന്നെയല്ലേ ഇതിന് ഏറ്റവും വലിയ തെളിവ്? ■

Table 5– Shop Profitability

Item	Details	Set Method	Single Pair Method
Sales	Selling Price Rs 100/pair	40x100= 4000	60x100= 6000
Gross Profit	30% of Selling Price	1200	1800
Loss on Sale of Dead stock	Rs 20 per pair as we sell at discount of 50%	20x20= 400	6x20= 120
Final Gross Profit		800	1680
Overhead	Rent, Salary, etc	600	600
Net Profit		200	1080

പുതുമയാർന്ന ഫാഷൻ തരംഗം

ഫാഷൻ ഡിസൈനിംഗ്, എല്ലാവിധ എംബ്രോയ്ഡറി വർക്കുകൾ, സ്റ്റോൺ, ബീഡ് വർക്കുകൾ, ഫാബ്രിക്, മ്യൂറൽ പെയിന്റിംഗ് വസ്ത്രങ്ങൾ, ടോപ്പുകൾ, അനാർക്കലി (നോർമൽ & പാർട്ടി വെയർ), ലാച്ച, ലെഹംഗ, ഗാഗ്ര ചോളി, ഡിസൈനർ & പാർട്ടിവെയർ സാരികൾ, ഗൗൺ, ഫ്രോക്ക്, കസവുസാരികൾ...

ജനിക
ഡിസൈനർ ബോട്ടീക്

Bulk orders also undertaken
customised stitching in latest fashion.
Car Parking Available
Email: janikaboutique@gmail.com
www.janikaboutique.com

ബസ് സ്റ്റാൻഡിനു എതിർവശം, തൃപ്പൂണിത്തുറ
Ph-0484 6999369